# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1276.** **30.09.2011-ൽ മറുപടിക്ക്**

## വ്യാപാര-വാണിജ്യ സ്ഥാപനങ്ങൾക്ക് അവധി നിർബന്ധമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റ്റി. എൻ. പ്രതാപൻ** | **ശ്രീ. ഷിബു ബേബി ജോൺ**<br>**(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)** |
| (എ) 1960-ലെ കേരള ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ടിലെ 11(1)-ാം വകുപ്പു പ്രകാരം സംസ്ഥാനത്തെ വ്യാപാര - വാണിജ്യ സ്ഥാപനങ്ങൾ ആഴ്ചയിൽ ഒരു ദിവസം പൂർണ്ണമായും അവധി നൽകണം എന്ന നിബന്ധന ഉണ്ടോ; എങ്കിൽ ഈ വ്യവസ്ഥ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ടിലെ 11(1) വകുപ്പു പ്രകാരം സംസ്ഥാനത്തെ വ്യാപാര സ്ഥാപനങ്ങൾ ആഴ്ചയിൽ ഒരു ദിവസം പൂർണ്ണമായും അടച്ചിടണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ വാണിജ്യ സ്ഥാപനങ്ങളെ ഈ വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഷോപ്പുകളിൽ ഈ വ്യവസ്ഥ പാലിക്കപ്പെടുന്നുണ്ടോ എന്ന് ടി നിയമ പ്രകാരം നിയമിതരായിട്ടുള്ള ഇൻസ്പെക്ടർമാരായ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ പരിശോധന നടത്താറുണ്ട്. കൂടാതെ ജില്ലാ ലേബർ ഓഫീസർമാരുടെ കീഴിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ പരിശോധനകളും നടത്താറുണ്ട്. |
| (ബി) സംസ്ഥാനത്തെ വ്യാപാര - വാണിജ്യ സ്ഥാപനങ്ങൾ തൊഴിലാളികൾക്ക് ആഴ്ചയിൽ ഒരു ദിവസത്തെ അവധി നൽകാതെ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരം സ്ഥാപനങ്ങൾക്ക് എതിരെ എന്തെങ്കിലും നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇത്തരം | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കടകളിലേയും വാണിജ്യ സ്ഥാപനങ്ങളിലേയും തൊഴിലാളികൾക്ക് ആഴ്ചയിൽ ഒരു ദിവസം അവധി നൽകാതെ തുറന്ന് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് സെക്ഷൻ 11(1) പ്രകാരം നിയമ നടപടികൾ |

നിയമലംഘനങ്ങൾക്ക് എതിരെ നടപടികൾ സ്വീകരിക്കാൻ ചുമതലപ്പെട്ടത് ഏതു തലം മുതലുള്ള ഉദ്യോഗസ്ഥന്മാരാണെന്ന് വ്യക്തമാക്കാമോ;

സ്വീകരിക്കാറുണ്ട്. ഇത്തരം നിയമലംഘനങ്ങൾക്ക് എതിരെ നടപടികൾ സ്വീകരിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ താഴെപ്പറയുന്നവരാണ്.

(1) അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ് - II)

(2) ജില്ലാ ലേബർ ഓഫീസർമാർ (ഇ)

(3) ജില്ലാ ലേബർ ഓഫീസർ (ആസ്ഥാനം)

(4) റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ (3)

(5) ഡെപ്യൂട്ടി ലേബർ കമ്മീഷണർ (ആസ്ഥാനം)

(6) ജോയിന്റ് ലേബർ കമ്മീഷണർ (പി)

(7) അഡീഷണൽ ലേബർ കമ്മീഷണർ(ഇ) & (ഐ.ആർ)

(8) ലേബർ കമ്മീഷണർ

(സി) ആഴ്ചയിൽ ഒരു ദിവസം വ്യാപാര സ്ഥാപനങ്ങൾക്ക് അവധി നൽകണമെന്ന നിബന്ധനയിൽ നിന്നും സംസ്ഥാനത്തെ ഏതെങ്കിലും വ്യാപാര വാണിജ്യ സ്ഥാപനങ്ങളെ 01.01.2009 മുതൽ 31.08.2011 വരെയുള്ള കാലയളവിൽ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ അതിനായി പരിഗണിച്ച മാനദണ്ഡങ്ങൾ വിശദമാക്കുമോ; ഇതിന്റെ ഫലമായി തൊഴിലാളികൾക്ക് ലഭിച്ച പ്രയോജനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(സി) വർഷംതോറും ഉത്സവകാലയളവിൽ വ്യാപാര സ്ഥാപനങ്ങളെ ഈ ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാറുണ്ട്. ഇതല്ലാതെ 01/01/2009 മുതൽ 31/08/2011 വരെയുള്ള കാലയളവിൽ ഏതെങ്കിലും പ്രത്യേക വ്യാപാര വാണിജ്യ സ്ഥാപനങ്ങളെ പ്രസ്തുത വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

സെക്ഷൻ ഓഫീസർ